DESPATCHED
On...10/03/2020
14/1/20



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.562*(2)/2019*/*എസ്.ഐ.സി***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.5156/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.രാമചന്ദ്രൻ നായർ
ഉത്രം ഹൗസ്, പട്ടത്താനം, കുതിരക്കുളം.പി.ഒ
തിരുവനന്തപുരം-695 615
} അപ്പീൽ ഹർജിക്കാരി

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
സെക്രട്ടറി, വെമ്പായം ഗ്രാമപഞ്ചായത്ത്
വെറ്റിനാട്, കാഞ്ചിര പി.ഒ,
തിരുവനന്തപുരം-695 615

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്
സിവിൽസ്റ്റേഷൻ നാലാം നില കുടപ്പനക്കുന്ന്.പി.ഒ
തിരുവനന്തപുരം-695 043

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 11.02.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.03.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.07.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 19.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, വെമ്പായം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാറമടകളെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ഇനം 1ൽ ടി ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡിലും കൂടി എത്ര പാറമടകളുണ്ടെന്നും, ഇനം 2ൽ ഇതിൽ എത്ര പാറമടകൾക്ക് ലൈസൻസ് ഉണ്ടെന്നും എത്ര എണ്ണത്തിന് ഇല്ലെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1ന് രേഖകൾ പ്രകാരം 5 പാറമടകളുണ്ടെന്നും, ഇനം 2ന് 3 ക്വാറി ലൈസൻസ് നൽകിയിട്ടുണ്ടെന്നും തുടങ്ങി 5 ഇനങ്ങൾക്കും മറുപടി നൽകി.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 04.02.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 3,4,5 ചോദ്യത്തിന് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 11.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അപ്പീൽ തീർപ്പാക്കുന്നതിന് 22.02.2019 ന് എസ്.പി.ഐ.ഒ യെയും അപ്പീൽഹർജിക്കാരനെയും നേരിൽ കേൾക്കാനായി ബന്ധപ്പെട്ട രേഖകളുമായി ഹാജരാകണമെന്നാണ്. ആയതിൽ അപ്പീൽ വാദി ഹാജരാകുകയും എസ്.പി.ഐ.ഒ ഹാജരായിട്ടില്ലാത്തതും, രേഖകൾ പരിശോധിച്ചതിൽ 1 നും 2 നും നൽകിയ മറുപടി പരസ്പര വിരുദ്ധമാണെന്നു മനസ്സിലാക്കുകയും 3 ദിവസത്തിനകം മറുപടി വാദിക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും, ഹാജരാകാത്ത നടപടി വീഴ്ചയായി കണക്കാക്കി നടപടി ആവർത്തിക്കരുതെന്ന് താക്കീതു നൽകി അപ്പീൽ തീർപ്പാക്കി. 09.04.2019 ന് ഹർജിക്കാരന് മറുപടി നൽകുകയും ആയതിൽ 20.12.2018 ൽ ഹർജിക്കാരൻ അപേക്ഷ നൽകുമ്പോൾ 3 ക്വാറികൾക്കാണ് ലൈസൻസ്

നൽകിയിരുന്നതെന്നും, 4 മത്തെ ക്വാറി സി.എസ് സ്റ്റോണിന്റെ ലൈസൻസ് റദ്ദ് ചെയ്തിരുന്നുവെന്നും, 5 മത്തെ ക്വാറിയായ ആർ.കെ.പി മെറ്റൽ ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചതേ ഉണ്ടായിരുന്നുള്ളതിനാലുമാണ് അപ്രകാരം മറുപടി നൽകിയതെന്നുമാണ്.

6. 13.08.2019ന് കമ്മീഷൻ ഓഫീസിൽ വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകാത്തതിനാൽ 10.10.2019ന് ഹാജരാകാനായി എസ്.പി.ഐ.ഒയ്ക്ക് ഷോക്കോസ് നൽകുകയും ഹാജരായ എതിർകക്ഷി വിശദീകരണം ബോധിപ്പിക്കുകയും നൽകിയ റിപ്പോർട്ടിൽ വിവരാവകാശഅപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയെന്നും അത് വ്യക്തമായില്ലെന്നുകാണിച്ച് ഹർജിക്കാരൻ അപ്പീൽ നൽകുകയും അപ്പീൽ അധികാരി 3 ദിവസത്തിനുള്ളിൽ മറുപടി നൽകണമെന്നു പറഞ്ഞ് അപ്പീൽ തീർപ്പാക്കുകയും, 09.04.2019 ന് എല്ലാ ചോദ്യത്തിനും വ്യക്തമായ മറുപടി നൽകിയെന്നുമാണ്.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച 10.10.2019 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ സമയബന്ധിതമായി നൽകിയതായി കാണുന്നതിനാലും ഷോക്കോസ് നൽകിയതിന് വിശദീകരണം നൽകിയതിനാലും ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res